 

ശ്വേത സുബ്രഹ്മണ്യം അയ്യർ,
ഓഗൻ ജോ

# നാഷനൽ യൂത്ത് കോൺക്ലേവ്: ഭാരതമാത കോളജിന് നേട്ടം

കൊച്ചി● ഡൽഹിയിൽ സമാപിച്ച അഖിലേന്ത്യാ യൂത്ത് കോൺക്ലേവിൽ തൃക്കാക്കര ഭാരതമാത കോളജിനു നേട്ടം. ഭാരതമാതയിലെ ശ്വേത സുബ്രഹ്മണ്യം അയ്യർ, ഓഗൻ ജോ എന്നിവരടങ്ങിയ ടീം മൂന്നാം സ്ഥാനം നേടി. നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സ്, കേന്ദ്ര പാർപ്പിട–നഗരകാര്യ മന്ത്രാലയം, കേന്ദ്ര യുവജന–കായികമന്ത്രാലയം എന്നിവയുടെ ആഭിമുഖ്യത്തിലായിരുന്നു കോൺക്ലേവ്.

വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ടീമുകൾ ഫൈനലിൽ പങ്കെടുത്തു. നഗരങ്ങളിലെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ ബ്രഹ്മപുരം സംഭവം ഉൾപ്പെടുത്തി സമകാലിക പ്രസക്തിയോടെ അവതരിപ്പിച്ചാണു ഭാരതമാത കോളജ് മൂന്നാം സ്ഥാനം നേടിയത്.

മലയാള മനോരമ 20.3.23